പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
(ഹയർസെക്കൻഡറി വിഭാഗം)
ജഗതി, തിരുവനന്തപുരം
e Mail – dirdhse.dge@kerala.gov.in
Phone No 0471 2580759

**നമ്പർ : HSE/1638/2025-Ad B5** **തീയതി : 11-12-2025**

**<u>സർക്കുലർ</u>**

വിഷയം : പൊ.വി.വ – ഹ.സെ.വി – എച്ച്.എസ്.എസ്.റ്റി (വിവിധം) എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയിൽ നിന്ന് എച്ച്.എസ്.എസ്.റ്റി തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനം-അഡ്ഹോക് ഡിപിസികോൺഫിഡൻഷ്യൽ റിപ്പോർട്ട് ക്ഷണിക്കുന്നത് – സംബന്ധിച്ച്

സൂചന : 1. സർക്കാർ ഉത്തരവ് (പി)നം. 144/2001/പൊ.വി.വ തീയതി: 16/04/2001
2. 26/03/2025 തീയതിയിലെ ഇതേ നമ്പർ സർക്കുലർ പ്രകാരം പ്രസിദ്ധീകരിച്ച അന്തിമ സീനിയോരിറിറ്റി ലിസ്റ്റ്.

ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളുകളിൽ 31/05/2025 നു ശേഷം ചില വിഷയങ്ങളിൽ എച്ച്.എസ്.എസ്.റ്റി തസ്തികയിൽ ഉണ്ടായ ഒഴിവുകളിലേക്ക് സ്പെഷ്യൽ റൂൾസ് പ്രകാരം തസ്തികമാറ്റ നിയമനം നൽകുന്നതിലേക്ക് സീനിയോറിറ്റി ലിസ്റ്റ് പ്രകാരം അർഹരായ ജൂനിയർ അധ്യാപകർ അതാത് വിഷയത്തിലെ ഒഴിവുകൾക്ക് ആനുപാതികമായി (മൂന്നിരട്ടി) 2022,2023,2024 കലണ്ടർ വർഷത്തെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സ്കോർ (SCORE) മുഖേന ഓൺലൈൻ ആയി **17/12/2025 തീയതി വൈകുന്നേരം 5 മണിക്ക്** മുൻപായി സമർപ്പിക്കേണ്ടതാണ്.

**<u>CR സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ</u>**

1. സ്കോർ മുഖേനെ **കോൺഫിഡൻഷ്യൽ റിപ്പോർട്ട്** സമർപ്പിക്കുമ്പോൾ ഓരോ എച്ച്.എസ്.എസ്.ടി ജൂനിയറിൻ്റെയും Reporting Officer അതാതു കാലയളവിലെ ബന്ധപ്പെട്ട പ്രിൻസിപ്പൽ/പ്രിൻസിപ്പൽ ഇൻ-ചാർജ്ജ് മാരും Reviewing Officer ബന്ധപ്പെട്ട (നിലവിലെ) ആർ.ഡി.ഡി മാരും Accepting Authority (നിലവിലെ) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ -ഉം ആയി Assign ചെയ്യേണ്ടതാണ്. Electronic Confidential Report സമർപ്പിക്കുന്നതിലേക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ വീഡിയോ സഹിതം www.score.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്, ആയതു പരിശോധിച്ച് അപാകതകൾ ഇല്ലാതെ **കോൺഫിഡൻഷ്യൽ റിപ്പോർട്ട്**

സമർപ്പിക്കേണ്ടതാണ്. സ്കോർ മുഖേനെ **കോൺഫിഡൻഷ്യൽ റിപ്പോർട്ട്** സമർപ്പിക്കുന്നത് സംബന്ധിച്ചു സംശയം ഉള്ള പക്ഷം **bytransfer.score2024@gmail.com** എന്ന മെയിൽ ഐ.ഡി-യിലേക്ക് അധ്യാപകരുടെ പേര്, പെൻ തസ്തിക വിഷയം എന്നിവ ഉൾപ്പെടുത്തി മെയിൽ അയയ്ക്കാവുന്നതാണ്.

2. ഓരോ കലണ്ടർ വർഷത്തെയും (അതത് വർഷം ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള) പ്രത്യേകം കോൺഫിഡൻഷ്യൽ റിപ്പോർട്ട്, SELF APPRAISAL, ഒരു കലണ്ടർ വർഷം ഒന്നിൽ കൂടുതൽ സ്കൂളുകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത കാലയളവുകളിലേയ്ക്ക് പ്രത്യേകം കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. അന്യത്ര സേവന വ്യവസ്ഥ കാലയളവുകളിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടും മേൽ പ്രകാരം തന്നെ സമർപ്പിക്കേണ്ടതാണ്.

**3.** അപൂർണ്ണമായ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ഡി.പി.സി.യിൽ ഉൾപ്പെടുത്താൻ സാധ്യമല്ലെന്നും ഇത്തരക്കാരെ തസ്തികമാറ്റ നിയമനത്തിനായി പരിഗണിക്കുന്നതല്ലെന്നും അറിയിക്കുന്നു. കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കാത്ത അദ്ധ്യാപകരെ സംബന്ധിച്ച വിവരം ബന്ധപ്പെട്ട സ്കൂൾ പ്രിൻസിപ്പാൾ അറിയിക്കേണ്ടതാണ്.

**4.** **30/11/2023 തീയതിയിലെ GO(P)No 17/2023/P&ARD** അനുസരിച്ച് എച്ച്.എസ്.എസ്.ടി. തസ്തികമാറ്റ നിയമനം ഉത്തരവാകുന്നതിനു മുൻപ് പ്രസ്തുത നിയമനം റിലിംഗ്വിഷ് ചെയ്യുന്നതിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്.

| ക്രമ നമ്പർ | വിഷയം | എച്ച്.എസ്.എസ്.റ്റി ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | അറബിക് | 02 |
| 2 | ഫിസിക്സ് | 02 |
| 3 | ജ്യോഗ്രഫി | 01 |
| 4 | സുവോളജി | 01 |
| 5 | ബോട്ടണി | 05 |
| 6 | കെമിസ്ട്രി | 01 |

കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുന്ന അധ്യാപകർ പ്രൊബേഷൻ ഉത്തരവ്, കോൺഫിഡൻഷ്യൽ റിപ്പോർട്ട് കാലയളവിൽ സർവ്വീസ് ബ്രേക്ക് ഉണ്ടെങ്കിൽ അതിന്റെ സർട്ടിഫിക്കറ്റ് (CIRCULAR NO. 65813/CR CELL/12/GAD DATED: 04/01/2012 കാണുക), അച്ചടക്ക നടപടി കൈകൊണ്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും , പ്രസ്തുത നടപടി തീർപ്പാക്കിയിട്ടുണ്ടെങ്കിൽ തീർപ്പാക്കികൊണ്ടുള്ള

ഉത്തരവിന്റെ പകർപ്പ്, കോൺഫിഡൻഷ്യൽ റിപ്പോർട്ടിൽ **10 A ഗ്രേഡ്** ലഭ്യമാകുന്ന അധ്യാപകരുടെ പ്രവർത്തന മികവ് സംബന്ധിച്ച സാക്ഷ്യപത്രം എന്നിവ ബന്ധപ്പെട്ട പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തി ഓഫീസ് സീൽ പതിപ്പിച്ച് കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കേണ്ട അവസാന തീയതിയ്ക്കുള്ളിൽ താഴെ പറയുന്ന ഇ-മെയിലുകളിൽ **PDF** ആയി സമർപ്പിക്കേണ്ടതാണ്.

**വിവിധ വിഷയങ്ങളുടെ മെയിൽ ഐഡികൾ ചുവടെ ചേർക്കുന്നു.**

| Sl.No | Subject | Mail Id |
|---|---|---|
| 1 | Arabic, | transferadc1@gmail.com |
| 2 | Botany, | transferadc2@gmail.com |
| 3 | Geography ,Zoology | transferadb1hse@gmail.com |
| 4 | Physics | transferadb6@gmail.com |
| 5 | Chemistry | transferadb5@gmail.com |

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**
Signed by
Santhosh Kumar .r
Date: 11-12-2025 13:59:58

<u>**Note:**</u> എല്ലാ പ്രിൻസിപ്പാൾമാരും/ പ്രിൻസിപ്പാൾ ഇൻ ചാർജ് ആയിട്ടുള്ള അധ്യാപകരും **SCORE** ൽ **designation** ഉൾപ്പെടെ **update** ചെയ്തിട്ടുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതാണ്.